# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1470 — 03.12.2018 -ൽ മറുപടിക്ക്

### അനങ്ങനടി, ഷൊർണ്ണൂർ I & II എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി, ഷൊർണ്ണൂർ I & II എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലുകളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) ഷൊർണ്ണൂർ I ഷൊർണ്ണൂർ II, അനങ്ങനടി വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ, പ്ലാൻ സ്കീമിലെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് മുൻഗണനാ ക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജാഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ചു മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ